LIBRARY ARCHIVES Kerala Legislative Assembly

എസ്. എസ്. എൽ. സി., ഐ. റ്റി. പ്രായോഗിക പരീക്ഷ

79 [3605] *ശ്രീ. ടി. എം. ജേക്കബ്* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി., ഐ.റ്റി. പ്രായോഗിക പരീക്ഷ സംബന്ധിച്ച് ഹൈക്കോടതിയിൽ എന്തെങ്കിലും ഹർജി പരിഗണനയിലുണ്ടോ;

(ബി) ഹർജിയിൽ ഉന്നയിച്ചിരിക്കുന്ന ആക്ഷേപങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിലുള്ള നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിശോധിച്ചിട്ടുണ്ട്.

(സി) ഈ കാര്യം ഇപ്പോൾ കോടതിയുടെ പരിഗണനയിലാണ്.

എസ്. എസ്. എ. പദ്ധതിയുടെ ഭൗതിക നേട്ടങ്ങൾ

80 [3606] *ശ്രീ. ടി. കെ. ദേവകുമാർ* :
,, പിരപ്പൻകോട് മുരളി :
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :
ഡോ. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്. എസ്. എ. പദ്ധതിയുടെ ഈ വർഷത്തെ ഭൗതിക നേട്ടങ്ങൾ വിശദമാക്കാമോ;

(ബി) എസ്. എസ്. എ. പദ്ധതി നടത്തിപ്പിലെ പോരായ്മകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) അംഗവൈകല്യമുള്ള വിദ്യാർത്ഥികൾക്കുവേണ്ടി നടപ്പാക്കുന്ന ഐ. ഇ. ഡി. പദ്ധതികൾക്കായി ഈ വർഷം എസ്. എസ്. എ. പദ്ധതിയിൽ എന്ത് തുക വകയിരുത്തി; ഈ പദ്ധതികൾക്കായി എന്ത് തുക ചെലവഴിച്ചു;

(ഡി) പെൺകുട്ടികൾക്കും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും സൗജന്യ പുസ്തക വിതരണത്തിനായി എന്ത് തുക ഈ വർഷം അനുവദിച്ചു; എന്ത് തുക ചെലവഴിച്ചു;

(ഇ) ഫണ്ട് വിനിയോഗത്തിൽ സംസ്ഥാനത്തിന്റെ പ്രത്യേക പരിതസ്ഥിതിക്കനുസരിച്ചുള്ള പ്രവർത്തന സ്വാതന്ത്ര്യം വേണമെന്ന ആവശ്യം അംഗീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇക്കാര്യം നേടിയെടുക്കാൻ ഗവൺമെന്റ് സമ്മർദ്ദം ചെലുത്തുമോ?

ഉത്തരം

(എ) ഉത്തരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) 1. വിവിധ തലങ്ങളിലെ മോണിറ്ററിംഗ് കൂടുതൽ കാര്യക്ഷമമാക്കുവാൻ ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റികൾ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരെ അദ്ധ്യക്ഷരാക്കി പുനഃസംഘടിപ്പിച്ചു.

2. അദ്ധ്യാപക സംഘടനാ പ്രതിനിധികളുടെ പ്രത്യേക യോഗം വിളിച്ചുചേർത്ത് പദ്ധതി നടത്തിപ്പിലെ പോരായ്മകൾ കണ്ടെത്തി പരിഹാര മാർഗ്ഗങ്ങൾ ആരായുകയും അതനുസരിച്ച് ലഭിച്ച ചില അഭിപ്രായങ്ങൾ 2005-2006 -ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(സി) വകയിരുത്തിയ തുക — 1069.78 ലക്ഷം രൂപ., 28-2-2005 വരെ ചെലവായ തുക 251.66 ലക്ഷം രൂപ.

(ഡി) അനുവദിച്ച തുക — 2868.58 ലക്ഷം രൂപ., ചെലവഴിച്ച തുക 901 ലക്ഷം രൂപ.

(ഇ) കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരിക്കയാണ്. ഈ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

പുനർമൂല്യനിർണ്ണയ തുക തിരികെ നൽകാൻ ഏകീകൃത മാനദണ്ഡം

81 [3607] *ശ്രീ. റോഷി അഗസ്റ്റിൻ :*

,, *തോമസ് ചാഴികാടൻ :*

,, *കെ. നാരായണക്കുറുപ്പ് :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ നടത്തപ്പെടുന്ന പരീക്ഷകളുടെ ഉത്തരക്കടലാസ് പുനർമൂല്യനിർണ്ണയം നടത്തുന്നതിന് സർക്കാരിൽ അടയ്ക്കുന്ന തുക തിരികെ ലഭിക്കുന്നതിന് നിലവിൽ സംവിധാനം ഉണ്ടോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly